*Malappuram District Police*

## 02/01/2018 വാഴക്കാട്

വാഴക്കാട് ജനമൈത്രി പോലീസ് സ്റ്റേഷനിൽ മുതിർന്ന പൗരന്മാരുടെ പുതുവത്സരാഘോഷം നടത്തി. വാഴക്കാട്, ചീക്കോട്, മുതുവല്ലൂർ പഞ്ചായത്തുകളില് വീട്ടിൽ ഒറ്റക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരാണ് പുതുവത്സരം ആഘോഷിക്കാൻ പോലീസ് സ്റ്റേഷനില് ഒത്തുചേർന്നത്. കേക്ക് മുറിച്ചും, പാട്ട് പാടിയും അവർ പുതിയ വർഷത്തെ വരവേറ്റു. പോലീസിന്റെ നേതൃത്വത്തില് ഭക്ഷണകിറ്റ് വിതരണവും നടന്നു. എസ്.ഐ വിജയരാജൻ ഉദ്ഘാടനം ചെയ്തു. എ.എസ്.ഐ-മാരായ രാമൻ, വിജയശങ്കര്, രാജേഷ്, ജയപ്രസാദ്, ഗീത, നാട്ടുകാരായ റുഖിയ്യ അശ്റഫ്, ഭുവനദാസ്, അബ്ദുറഹ്മാൻ എന്നിവര് നേതൃത്വം നൽകി.